ശ്രീ. ആര്യാടൻ മുഹമ്മദ്: 1976-ൽ എറണാകുളത്തുവച്ചു ചേർന്ന സഹകരണ കോൺഗ്രസ് സഹകരണനിയമത്തിൽ വരുത്തേണ്ട ഭേദഗതികളെ സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ അംഗീകരിക്കുകയും അത് ഗവൺമെൻറിനു സമർപ്പിക്കുകയും ചെയ്തിരുന്നു. അതു ഗവൺമെൻറ് പരിഗണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്രയും കാലമായിട്ടും പരിഗണിക്കാതിരിക്കുവാൻ വല്ല പ്രത്യേക കാരണവുമുണ്ടോ ?

ശ്രീ. ബേബിജോൺ: അന്നത്തെ കോൺഫറൻസിൽ നിർദ്ദേശിക്കപ്പെട്ടിരുന്ന; പുനഃപരിശോധനചെയ്യണമെന്നും ഭേദഗതി ചെയ്യണമെന്നുമുള്ള നിർദ്ദേശങ്ങൾ ഗവൺമെൻറ് ഇപ്പോൾ പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. എ. പി. കുര്യൻ: ഈ നിയമസഭയുടെ സബോർഡിനേറ്റ് ലജിസ്ലേഷൻ കമ്മിറ്റി കഴിഞ്ഞ വർഷം സഹകാരികളിൽനിന്നും വിശദമായ തെളിവെടുപ്പുകൾ നടത്തിയശേഷം സമർപ്പിച്ച ചട്ടങ്ങളിൽ പ്രായോഗികമായി വരുത്തേണ്ട നിർദ്ദേശങ്ങളെ സംബന്ധിച്ച് ഗവൺമെൻറ് പരിശോധിച്ച് അതിനനുസരിച്ച് ഈ നിയമത്തിൽ ഭേദഗതി വരുത്താൻ ആലോചിക്കുമോ ?

ശ്രീ. ബേബിജോൺ: സ്വാഭാവികമായും ഭേദഗതികളെ സംബന്ധിച്ച് ആലോചിക്കുമ്പോൾ ഈ വിലപ്പെട്ട നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടു തന്നെയായിരിക്കും തീരുമാനമെടുക്കുന്നത്.

താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കൽ

[*142] [152] ശ്രീ. സിറിയക് ജോൺ:

,, കല്ലട നാരായണൻ:

,, കെ. സുകുമാരനുണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനു സ്വീകരിച്ചിട്ടുള്ള നടപടികൾ ഏതുവരെയായി എന്ന് വിശദീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ സത്വര നടപടികൾ സ്വീകരിക്കുമെന്ന് ഉറപ്പു നൽകിയിട്ടും ഇതേവരെ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) പഞ്ചായത്തുകൾ പുതുതായി രൂപീകരിച്ച പ്രദേശങ്ങളിൽ പുതിയ വില്ലേജുകൾ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ?

റവന്യൂവും സഹകരണവും വകുപ്പു മന്ത്രി (ശ്രീ. ബേബിജോൺ):

(എ) (ബി) (സി) (ഡി) താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ അന്തിമതീരുമാനമൊന്നും ഇതേവരെ എടുത്തിട്ടില്ല. 1981-ലെ കാനേഷുമാരിയെ സംബന്ധിച്ച ജോലികൾ നടന്നുകൊണ്ടിരിക്കുന്ന സമയമാണിത്. അതിന്റെ സുഗമമായ നടത്തിപ്പിനു വിഘാതം വരുമെന്നുള്ളതിനാൽ 1981 ജൂൺ വരെ താലൂക്ക്, വില്ലേജ് മുതലായവകളുടെ അതിർത്തികളിൽ മാറ്റങ്ങൾ വരുത്തരുതെന്നുള്ള ഒരു

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശം കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ എന്തു ചെയ്യണമെന്നു ആലോചിക്കുകയാണ്. 1980 മുതൽ 1981 ജൂൺവരെ യാതൊരു മാറ്റവും വരുത്തരുതെന്നാണ് നിർദ്ദേശം.

ശ്രീ. പി. സിറിയക് ജോൺ: സംസ്ഥാനത്തു നിലവിലുള്ള താലൂക്കുകളും വില്ലേജുകളും വിസ്തൃതിയുടെ കാര്യത്തിൽ വളരെയേറെ അന്തരമുണ്ടെന്നുള്ളതു പരിഗണിച്ച്, ഇതുകൊണ്ട് ജനങ്ങൾക്കു ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ടെന്നുള്ളതു പരിഗണിച്ച്, ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഉറപ്പു നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: വില്ലേജുകളും താലൂക്കുകളും എല്ലാം പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. ഗവൺമെന്റിനു അതിൽ അഭിപ്രായ വ്യത്യാസമില്ല. ഈ നിർദ്ദേശം നിലവിലിരിക്കുന്നതുകൊണ്ട് 'എപ്പോൾ' എന്നുള്ളതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കേണ്ടിയിരിക്കുന്നു. അത്രയേയുള്ളു അതിലുള്ള ബുദ്ധിമുട്ട്.

ശ്രീ. കല്ലട നാരായണൻ: കുന്നത്തൂർ താലൂക്കിനു കുന്നത്തൂർ, അടൂർ എന്നീ രണ്ടു താലൂക്കുകളായി വിഭജിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഓരോ താലൂക്കിനെ സംബന്ധിച്ചും ചോദിച്ചാൽ മറുപടി പറയാൻ പ്രയാസമാണ്. പൂർണ്ണമായി ഇതിനെ സംബന്ധിച്ച് പഠിച്ച് തീരുമാനമെടുക്കുന്നതായിരിക്കും.

ശ്രീ. കെ. സുകുമാരനുണ്ണി: താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കണമെന്നു വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ 1980 വരെ കാത്തിരിക്കാതെ അടിയന്തിരമായി ചില സ്ഥലങ്ങളിലെങ്കിലും പുനഃസംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കണമെന്നുള്ള നിവേദനം ധാരാളമായി കിട്ടിയിട്ടുണ്ട്. അതെല്ലാം പരിശോധിച്ചു കൊണ്ടിരിക്കുകയാണ്. വിഭജിക്കണമെന്നും പുനഃസംഘടിപ്പിക്കണമെന്നും തന്നെയാണ് ഗവൺമെന്റിന്റെ അഭിപ്രായം. എപ്പോൾ എന്നുള്ളതിനെസംബന്ധിച്ച് മാത്രമാണ് ഇപ്പോൾ ആലോചനയുള്ളത്.

ശ്രീ. കെ. സുകുമാരനുണ്ണി: മലബാർ പ്രദേശം കേരളത്തിൽ ലയിക്കുന്നതിനു മുൻപുണ്ടായിരുന്ന ഒറ്റപ്പാലം താലൂക്ക് വളരെ വലുതാണ്. അതുകൊണ്ട് മറ്റു കാര്യങ്ങൾ കണക്കാക്കാതെ ഒറ്റപ്പാലം താലൂക്കിനെ ശ്രീകൃഷ്ണപുരം, ഒറ്റപ്പാലം എന്നീ രണ്ടു താലൂക്കുകളായി വിഭജിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഓരോ മെമ്പർക്കും അവരവരുടെ നിയോജകമണ്ഡലത്തിലുള്ള താലൂക്കുകളുടെ വിസ്തൃതിയെ സംബന്ധിച്ചായിരിക്കും പറയാനുള്ളത്. ഗവൺമെന്റിനു പൊതുവായ തീരുമാനമാണ് എടുക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വി. സീതിതങ്ങൾ: ഒരു റവന്യൂ വില്ലേജ് 2 പഞ്ചായത്തുകളിലായി കിടക്കുന്നതിനെ സംബന്ധിച്ചെങ്കിലും ഗവൺമെൻറ് ആലോചിക്കുമോ?

ശ്രീ. ബേബിജോൺ: വില്ലേജുകളും പുനഃസംഘടിപ്പിക്കണമെന്ന നിർദ്ദേശം ഗവൺമെൻറിൻെറ പരിഗണനയിലുണ്ട്.

ശ്രീ. ഇ. പി. ഗോപാലൻ: കേന്ദ്രഗവൺമെൻറിൻെറ നിർദ്ദേശത്തിൽ കാലയളവു വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള സ്ഥിതിക്ക് അതിനു മുൻപു ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ എന്താണു പ്രയാസം? 1980 പിറന്നാൽ പിന്നെ പ്രയാസമാണ്.

ശ്രീ. ബേബിജോൺ: തീരുമാനമെടുക്കുന്നതും നടപ്പിലാക്കുന്നതും തമ്മിൽ കുറച്ചു വ്യത്യാസമുണ്ടാകും. തീരുമാനമെടുത്താൽതന്നെയും ഇന്നയിന്ന താലൂക്കുകളും പുനഃസംവിധാനം ചെയ്യണമെന്ന്, അല്ലെങ്കിൽ ഇന്നയിന്ന വില്ലേജുകളും പുനഃസംവിധാനം ചെയ്യണമെന്ന് ഈ കാലയളവിനുള്ളിൽതന്നെ തീരുമാനമെടുക്കാൻ കഴിഞ്ഞാലും അതു പ്രയോഗത്തിൽ വരുന്നത് അതിനുശേഷമായിരിക്കും. എങ്ങനെ വേണമെന്നുള്ളതിനെ സംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. സി. തോമസ്: ഡിസ്ട്രിക്ടുകളും പുനഃസംവിധാനം ചെയ്തിട്ടുള്ളതിൻെറ ഫലമായി മറ്റു ഡിസ്ട്രിക്ടുകളെ അപേക്ഷിച്ച് വിസ്തീർണ്ണത്തിൽ ഏറ്റവും ചുരുങ്ങിയതു ഏതു ഡിസ്ട്രിക്ടാണെന്നു പറയാമോ? അടുത്തുള്ള ഏതെങ്കിലും താലൂക്ക് ഇപ്പോൾ നിലവിലിരിക്കുന്ന ഡിസ്ട്രിക്ട് ഹെഡ്കാർട്ടേഴ്സിൽ പോകാൻ ബുദ്ധിമുട്ടു കാരണം ഈ ചെറുതായ ഡിസ്ട്രിക്ടിൽ ചേർക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: ഏതെല്ലാമാണെന്നു ഇപ്പോൾ പറയാൻ സാധ്യമല്ല. ബഹുമാനപ്പെട്ട മെമ്പർ പലപ്പോഴും പറഞ്ഞിട്ടുണ്ട്, തിരുവല്ല കോട്ടയത്തിനോടു ചേർക്കണമെന്ന്. പക്ഷേ ഇതുമായി ബന്ധപ്പെടുത്തി പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. എം. വി. രാഘവൻ: താലൂക്കും വില്ലേജും പുന:സംഘടിപ്പിക്കരുതെന്നു കേന്ദ്രഗവൺമെൻറിൽനിന്നും നിർദ്ദേശമുണ്ടെന്നു പറഞ്ഞു. എന്നാൽ ജില്ല പുനഃസംഘടിപ്പിച്ചാലെന്താണ് ? വയനാടു ജില്ല രൂപീകരിച്ചാലെന്താണ്?

ശ്രീ. ബേബിജോൺ: പുനഃസംഘടിപ്പിക്കേണ്ട എന്നല്ല നിർദ്ദേശം. ജില്ല ആയാലും താലൂക്കായാലും വില്ലേജായാലും 1980 ജനുവരി മുതൽ 1981 ജൂൺ വരെ അതിർത്തികളിൽ മാറ്റം വരുത്തരുതെന്നാണ് അതിൻെറ സൂചന.

ശ്രീ. ജി. പി. മംഗലത്തുമഠം: ചില വില്ലേജുകളുടെ ചില ഭാഗങ്ങൾ പല പഞ്ചായത്തുകളിലുമായി സ്ഥിതി ചെയ്യുന്നുണ്ട്. അതു മാറ്റി അതാതു പഞ്ചായത്തുകളിലുള്ള പ്രദേശങ്ങൾ അതാതു വില്ലേജുകളിൽതന്നെ ഉൾപ്പെടുത്താൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബേബിജോൺ: അതിന്റെ എല്ലാ വശങ്ങളെ സംബന്ധിച്ചും ആലോചിച്ചശേഷം മാത്രമേ ഗവൺമെന്റിനുതീരുമാനമെടുക്കുവാൻ കഴിയു. എങ്ങനെ ചെയ്യാൻ കഴിയുമെന്നു ഇപ്പോഴേ ഖണ്ഡിതമായി പറയാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. കെ. എ. മാത്യു: 1980–81 കാലഘട്ടത്തിൽ താലൂക്കുകൾ പുതുതായി രൂപീകരിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നു പറഞ്ഞു. 1954 മുതൽ താലൂക്കാക്കണമെന്നു, യശ്ശശരീരനായ പട്ടം താണുപിള്ളയുടെ കാലഘട്ടം മുതൽതന്നെ താലൂക്കാക്കണമെന്നു നിർദ്ദേശിച്ച താലൂക്കു പുനർ നിർണ്ണയക്കമ്മിറ്റി റക്കമെന്റു ചെയ്ത റാന്നിയെ സംബന്ധിച്ച് പ്രത്യേകമായ ഒരു പരിഗണന കൊടുക്കാൻ തയ്യാറാകുമോ?

ശ്രീ. ബേബിജോൺ: പ്രത്യേക പരിഗണനയൊന്നും ആരെ സംബന്ധിച്ചുമില്ല. അതിന്റെ ന്യായാന്യായതകളും നോക്കി തീരുമാനിക്കും. റാന്നി ഒരു താലൂക്കാക്കണമെന്നുള്ള നിവേദനം വളരെക്കാലം മുൻപുള്ളതാണ്.

ശ്രീ. പി. കരുണാകരൻ: താലൂക്കുകളും വില്ലേജുകളും പുനഃസംഘടിപ്പിക്കുവാൻ കൂടുതൽ സമയമെടുക്കുമെന്നു പറഞ്ഞു. വില്ലേജിലെ സ്റ്റാഫ് പാറ്റേൺ വർഷങ്ങൾക്കു മുൻപു തീരുമാനിച്ചിട്ടുള്ളതാണ്. അതിനുശേഷമുള്ള നിരവധി പ്രവർത്തനങ്ങളുടെ ഫലമായി കൂടുതൽ ജോലി വർദ്ധിച്ചിട്ടുണ്ട്. അതുകൊണ്ട് പുനഃസംഘടനവരെ കാത്തിരിക്കാതെ വില്ലേജുകളിൽ ആവശ്യമായ സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. ബേബിജോൺ: അടുത്ത ചോദ്യം തന്നെ ഇതുമായി ബന്ധപ്പെട്ടതാണ്. എങ്കിലും വില്ലേജുജീവനക്കാരുടെ ജോലി ഭാരത്തെസംബന്ധിച്ച് ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. ജെ. ചാക്കോ: തിരുവല്ല താലൂക്കിലുള്ള ആളുകൾക്കു ഹെഡ്കാർട്ടേഴ്സിലെത്താൻ വളരെദൂരം സഞ്ചരിക്കണമെന്നുള്ളതുകൊണ്ട് ഭൂമിശാസ്ത്രപരമായ കിടപ്പുകൂടി കണക്കിലെടുത്തു കോട്ടയം ജില്ലയിൽ ചേർക്കണമെന്നു നിവേദനം കിട്ടിയിട്ടുണ്ടോ?

ശ്രീ. ബേബിജോൺ: ഞാൻ നേരത്തേ മറുപടി പറഞ്ഞു; പല നിവേദനങ്ങളും കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ഇന്നു പല വില്ലേജാഫീസുകൾക്കും കെട്ടിടമില്ലാത്ത പരിതഃസ്ഥിതിയുണ്ട്. ബഡ്ജറ്റിൽ തുകയുണ്ടെങ്കിലും ടെൻഡർ ചെയ്തു കെട്ടിടം കെട്ടാൻ സാധിക്കുന്നില്ല. അതെല്ലാം ഒന്നു കെട്ടിത്തീർത്തു ഉള്ളതു ശരിയാക്കാൻ ശ്രമിക്കുമോ?

ശ്രീ. ബേബിജോൺ: ഒരു ക്രാഷ് പ്രോഗ്രാം ഇക്കാര്യത്തിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്; കെട്ടിടങ്ങളെ സംബന്ധിച്ചിടത്തോളം ഈ വർഷം മുതൽ അതു നടപ്പിലാക്കുകയും ചെയ്യും.

ശ്രീ. കെ. പി. നൂറുദ്ദീൻ: വില്ലേജിന്റെയും താലൂക്കിന്റെയും പുനഃസംഘടന 1980 ജനുവരി മുതൽ 1981 ജൂൺ വരെ നിറുത്തിവയ്ക്കണമെന്ന് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടെന്നു പറഞ്ഞു. കാനേഷുമാരി

LIBRARY ARCHIVES Kerala Legislative Assembly

നടത്തുന്നതിനാൽ അതിന്റെകൂടി പ്രവർത്തനം പൂർത്തിയായി ആ കാനേഷുമാരിയുടെ അടിസ്ഥാനത്തിൽ ജനസംഖ്യകൂടി കണക്കിലെടുത്തു പുനഃസംഘടന നടത്താമെന്നാണോ പറയുന്നത് അതോ, ജനസംഖ്യമാത്രമല്ല ഭൂമിശാസ്ത്രപരമായ കാര്യങ്ങളുംകൂടി കണക്കിലെടുത്ത് നേരത്തെ പറഞ്ഞ കാലഘട്ടത്തിനു മുമ്പോ പിമ്പോ പുനഃസംഘടന നടത്താമെന്നാണോ പറയുന്നത്?

ശ്രീ. ബേബിജോൺ: ജനസംഖ്യമാത്രം ക്രൈട്ടീരിയ ആയി സ്വീകരിക്കുകയില്ല. ഭൂമിശാസ്ത്രപരമായ കാര്യങ്ങളും അതുപോലുള്ള മറ്റു കാര്യങ്ങളും ആലോചിച്ചാണ് തീരുമാനിക്കുന്നത്.

ശ്രീ. പി. ബി. ആർ. പിള്ള: കഴിഞ്ഞ എട്ടു വർഷമായി വില്ലേജ് താലൂക്കു പുനഃസംഘടന ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുന്നു എന്ന് ആവർത്തിച്ചാവർത്തിച്ച് ഈ സഭയിൽ ബഹുമാനപ്പെട്ട മന്ത്രി പറയുന്നുണ്ട്. ഇനിയും എത്രകാലം ഇങ്ങനെ മുന്നോട്ടു പോകും. അതിന്റെ അർത്ഥം ഇതുണ്ടാകുകയില്ലെന്നാണോ?

ശ്രീ. ബേബിജോൺ: കഴിഞ്ഞ എട്ടു കൊല്ലമായി ഗവൺമെന്റ് ഇങ്ങനെ പുനഃസംഘടന ആവശ്യമാണെന്ന് അംഗീകരിച്ചിട്ടുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ഓർമ്മപ്പിശകാണ്. കഴിഞ്ഞകാലങ്ങളിലെല്ലാം ഗവൺമെന്റ് പറഞ്ഞത് അതിനെക്കുറിച്ച് പരിശോധിച്ചുകൊണ്ടിരിക്കുന്നു, സാമ്പത്തിക പരാധീനത ഉണ്ട് എന്നൊക്കെ ആയിരുന്നെങ്കിൽ കഴിഞ്ഞ നിയമസഭയിലും ഈ നിയമസഭയിലും പറഞ്ഞത് ആവശ്യമാണെന്ന് ഗവൺമെന്റിനു ബോദ്ധ്യമായി, അങ്ങനെ തീരുമാനിച്ചിട്ടുണ്ട്, ഇപ്പോഴത്തെ പ്രതിബന്ധം ഇതാണെന്നാണ്.

വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് പുനഃസംവിധാനത്തെക്കുറിച്ചുള്ള റിപ്പോർട്ട്

*143 [153] ശ്രീ. പി. ആർ. ശിവൻ:

,, എൻ. സുബ്രഹ്മണ്യ ഷേണായ്:

,, എൻ. വാസുദേവൻ പിള്ള:

,, പി. പി. എസ്തോസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് എസ്റ്റാബ്ലിഷ്മെന്റ് പുനഃസംവിധാനം ചെയ്യുന്നതിനെക്കുറിച്ച് സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുമോ;

(ബി) അതിലെ ശുപാർശകളെ സംബന്ധിച്ച് വിവിധ സർവ്വീസ് സംഘടനകളുടെ പരാതികൾ പരിഹരിക്കാനുള്ള സംവിധാനം ഉണ്ടാക്കുമോ?

റവന്യൂവും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. ബേബിജോൺ):

(എ) കൂടുതൽ വില്ലേജ് ഉദ്യോഗസ്ഥൻമാരെ നിയമിക്കേണ്ട ആവശ്യമുണ്ടോയെന്ന് തീരുമാനിക്കുന്നതിന് അവരുടെ അദ്ധ്യാനഭാരത്തെ സംബന്ധിച്ച് ഒരു പഠനം നടത്താൻ റവന്യൂബോർഡ് സെക്രട്ടറിയോടു

LIBRARY ARCHIVES Kerala Legislative Assembly